നം. സി.ഇ.ഇ/2900/2007/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## മെഡിക്കൽ - എൻജിനീയറിംഗ് അലോട്ട്മെന്റ് - 2008

2008 ലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പുതുക്കിയ അലോട്ട്മെന്റ് **31.08.2008** ന് വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. **ആഗസ്റ്റ് 27-ാം തീയതി വൈകുന്നേരം 5 മണി വരെയുള്ള** കാലയളവിൽ വിദ്യാർത്ഥികൾ സമർപ്പിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തുന്നത്. ഈ അലോട്ട്മെന്റ് പ്രകാരം ഫീസ്/ക്വാഷൻ ഡെപ്പോസിറ്റ് അടയ്ക്കേണ്ട വിദ്യാർത്ഥികൾ **സെപ്റ്റംബർ 1, 2 തീയതികളിൽ എസ്.ബി.റ്റി. (SBT) യുടെ തെരെഞ്ഞെടുക്കപ്പെട്ട ശാഖകളിലൊന്നിൽ** തുക അടയ്ക്കേണ്ടതാണ്. വിവിധ മെഡിക്കൽ/അഗ്രിക്കൾച്ചറൽ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ, **സെപ്റ്റംബർ 2 മുതൽ 4 വരെ** നിശ്ചിത കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. വിവിധ എൻജിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ താഴെ പറഞ്ഞിരിക്കുന്ന ദിവസ/സമയക്രമമനുസരിച്ച് നിശ്ചിത കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

**<u>സെപ്റ്റംബർ 2</u>**

രാവിലെ 9 മണി : സിവിൽ (CE), ഡെയറി സയൻസ് (DS), അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് (AG), ഫുഡ് ടെക്നോളജി (FT).

ഉച്ചയ്ക്ക് 1 മണി : ആർക്കിടെക്ച്ചർ (AR), ഇൻസ്ട്രമെന്റേഷൻ & കൺട്രോൾ (IC), ബയോമെഡിക്കൽ എഞ്ചിനീയറിംഗ് (BM).

**<u>സെപ്റ്റംബർ 3</u>**

രാവിലെ 9 മണി : മെക്കാനിക്കൽ (ME), ബയോ ടെക്നോളജി (BT), മെക്കാനിക്കൽ പ്രൊഡക്ഷൻ (MP).

ഉച്ചയ്ക്ക് 1 മണി : കമ്പ്യൂട്ടർ സയൻസ് (CS), ഇൻഡസ്ട്രിയൽ (IE), പ്രൊഡക്ഷൻ പ്ലാന്റ് (PP), മെക്കാനിക്കൽ ഓട്ടോമൊബൈൽ (MA), ഓട്ടോമൊബൈൽ (AU)

**<u>സെപ്റ്റംബർ 4</u>**

രാവിലെ 9 മണി : ഇലക്ട്രാണിക്സ് & കമ്മ്യൂണിക്കേഷൻ (EC), അപ്ലൈഡ് ഇലക്ട്രോണിക്സ് (AE), ഇലക്ട്രോണിക്സ് & ഇൻസ്ട്രമെന്റേഷൻ (EI), പ്രിന്റിംഗ് ടെക്നോളജി (PT).

ഉച്ചയ്ക്ക് 1 മണി : ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് (EE), ഇൻഫർമേഷൻ ടെക്നോളജി (IT), കെമിക്കൽ (CH), പോളിമർ (PO).

നിശ്ചിത തീയതിയിലും സമയത്തും പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദുചെയ്യുന്നതാണ്. പ്രവേശനത്തിന് യാതൊരു കാരണവശാലും കൂടുതൽ സമയം അനുവദിക്കുന്നതല്ല.

**എല്ലാ കോഴ്സുകളിലേയ്ക്കുമുള്ള ക്ലാസുകൾ 05.09.2008 നു തുടങ്ങും.**

തിരുവനന്തപുരം

27.08.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**